പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **1022** 29/09/2011 ൽ മറുപടിയ്ക്ക്

## ഇ-ഡിസ്ട്രിക്റ്റ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഇ-ഡിസ്ട്രിക്റ്റ് പദ്ധതി സംസ്ഥാനത്തെ എത്ര ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്; | (എ) റവന്യൂ വകുപ്പിന്റെ സഹായത്തോടെ ഐ.റ്റി.മിഷൻ നടപ്പിലാക്കുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലെ 285 വില്ലേജുകളിൽ വിജയകരമായി നടന്നു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്; | (ബി) വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ അക്ഷയ പോലുള്ള പൊതുസേവന കേന്ദ്രങ്ങളിൽ കൂടി നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ലഭ്യമാക്കുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി വില്ലേജാഫീസുകൾ വഴി വിതരണം ചെയ്യുന്ന 23 സർട്ടിഫിക്കറ്റുകൾ കമ്പ്യൂട്ടർവൽക്കരിച്ച് അക്ഷയ കേന്ദ്രങ്ങൾ വഴി പൊതുജനസൗകര്യാർത്ഥം വിതരണം ചെയ്യുന്ന പ്രവൃത്തിയാണ് ഇപ്പോൾ നടത്തിവരുന്നത്. പൊതുജനങ്ങൾക്ക് പരമാവധി സൗകര്യപ്രദമാവും വിധത്തിൽ തൊട്ടടുത്തുള്ള അക്ഷയ കേന്ദ്രങ്ങളിൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതും അവിടെ നിന്നു തന്നെ പ്രസ്തുത സർട്ടിഫിക്കറ്റുകൾ കൈപ്പറ്റാവുന്നതുമാണ്. പരമാവധി സുതാര്യവും അഴിമതി രഹിതവുമായ ഒരു നടപടി ക്രമമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |

| | |
|---|---|
| (സി) ഇത് സംസ്ഥാനത്ത് ആകെ വ്യാപിപ്പിക്കുമോ; | (സി) സംസ്ഥാനത്ത് ആകെ വ്യാപിപ്പിക്കുന്നതിലേക്കായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ഡി) പ്രസ്തുത പദ്ധതിയ്ക്ക് പ്രാരംഭം കുറിച്ചത് എന്നാണ്? | (ഡി) 2009-10 കാലഘട്ടത്തിലാണ് ഈ പദ്ധതിയ്ക്ക് പ്രാരംഭം കുറിച്ചത്. |

സെക്ഷൻ ഓഫീസർ